തൊഴിൽ വകുപ്പിന്റെ പുനഃസംഘടന

55 (1018) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിന്റെ പുനഃസംഘടനാ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

(ബി) തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന 'ആം ആദ്മി ബീമാ യോജന' പദ്ധതിയിൽ എത്ര കുടുംബങ്ങളാണ് ഇതുവരെ ചേർന്നിട്ടുള്ളതെന്നും ജില്ലതിരിച്ചുള്ള കണക്കും വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽ വകുപ്പിൽ നടത്തിയ പരിഷ്കാരങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ടിന്മേൽ നടപടി തുടർന്നു വരുന്നു.

(ബി) 'ആം ആത്മി ബീമാ യോജന'-യിൽ 388640 കുടുംബങ്ങൾ ഇതുവരെ ചേർന്നിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	-	66777
കൊല്ലം	-	35161
പത്തനംതിട്ട	-	23317
ആലപ്പുഴ	-	27189
കോട്ടയം	-	32217
ഇടുക്കി	-	13730
എറണാകുളം	-	32989
തൃശ്ശൂർ	-	32508
പാലക്കാട്	-	28990
മലപ്പുറം	-	38025
കോഴിക്കോട്	-	21059
വയനാട്	-	11743
കണ്ണൂർ	-	17322
കാസർഗോഡ്	-	7613
ആകെ		388640

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. സംസ്ഥാനാന്തര കുടിയേറ്റത്തൊഴിലാളികൾക്കായി സംസ്ഥാനത്ത് "അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കുള്ള ആരോഗ്യ പദ്ധതി" കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

2. അന്യസംസ്ഥാനത്തൊഴിലാളികൾ കൂടുതൽ കേന്ദ്രീകരിച്ചിട്ടുള്ള ഇടങ്ങളിൽ അവർക്കായി മെഡിക്കൽ ക്യാമ്പ് നടത്തുകയും രോഗനിർണ്ണയം നടത്തി സൗജന്യമായി മരുന്നു നല്കുന്നുണ്ട്. ഇതു മുഖേന അന്യസംസ്ഥാനത്തൊഴിലാളികൾക്കിടയിൽ ശ്രദ്ധയിൽപ്പെട്ട പകർച്ചവ്യാധി തടയുന്നതിന് സാധിച്ചു.

3. 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് നിയമപ്രകാരമുള്ള അസസ്സിംഗ് ഓഫീസർമാരായി തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാരെക്കൂടി നിയമിച്ചതുവഴി സെസ് ഇനത്തിൽ പിരിച്ചെടുക്കേണ്ട തുക പിരിച്ചെടുക്കാനും ഇതുവഴി നിർമ്മാണത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ സമയബന്ധിതമായി നല്കാനും സാധിച്ചു.

4. തൊഴിൽ വകുപ്പുദ്യോഗസ്ഥരുടെ ജോലി അവലോകനം ഓൺലൈനായി നടത്തുന്നതിന് സോഫ്റ്റ്വെയർ സ്ഥാപിക്കുന്ന ജോലി അവസാന ഘട്ടത്തിലാണ്.

5. തൊഴിൽ വകുപ്പിലെ ലേബർ കമ്മീഷണറേറ്റും മറ്റ് സബ് ഓഫീസുകളും സ്വന്തം കെട്ടിടമായ ലേബർ കോംപ്ലക്സിലേക്ക് മാറ്റുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായിരുന്ന സാങ്കേതിക തടസ്സം ഒഴിവാക്കി. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

6. 35 ലക്ഷത്തോളം കുടുംബങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുക എന്ന സർക്കാരിന്റെ ലക്ഷ്യം നടപ്പിലാക്കുന്നതിനായി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ മുതൽ ലേബർ കമ്മീഷണർ വരെയുള്ള എല്ലാ ഉദ്യോഗസ്ഥരും പ്രത്യേക താത്പര്യമെടുത്ത് നടപടി സ്വീകരിച്ചുവരുന്നു.

7. റേഷൻ കാർഡിൽ 600 രൂപ വരെ വരുമാനമുള്ള എല്ലാ വിഭാഗങ്ങൾക്കും പരമാവധി 5 പേർ അടങ്ങുന്ന കുടുംബത്തിന് പ്രതിവർഷം 30,000 രൂപ വരെ സൗജന്യ ചികിത്സ നടത്തുവാൻ പര്യാപ്തമായ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly

8. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപ്പെടുത്തിയവർ, അവിവാഹിതർ, അവിവാഹിതരായ അമ്മമാർ എന്നിവർക്കായി 'ശരണ്യ' എന്ന പേരിൽ പുതിയ സ്വയംതൊഴിൽ സഹായ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

9. പീടികതൊഴിലാളികൾക്കു വേണ്ടിയും ചെറുകിട തോട്ടം തൊഴിലാളികൾക്കു വേണ്ടിയും, ആഭരണ തൊഴിലാളികൾക്കു വേണ്ടിയും പുതിയ ക്ഷേമനിധി ബോർഡുകൾ രൂപീകരിച്ചു.

10. സംസ്ഥാനത്തെ ഐ.റ്റി.ഐ.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര സഹായ പദ്ധതിയുടെ കീഴിൽ അഞ്ചും ലോകബാങ്ക് സഹായ പദ്ധതികളുടെ കീഴിൽ ഏഴും ഐ.റ്റി.ഐ.-കളിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി നടപ്പിലാക്കി.

11. തുടർച്ചയായി എല്ലാ വർഷവും ജോബ് ഫെയർ/സ്കിൽ ഫെസ്റ്റ് എന്നിവ സംഘടിപ്പിക്കുകയും അതുവഴി 10,000-ൽപ്പരം പേർക്ക് തൊഴിൽ നേടാൻ അവസരം ഉണ്ടാക്കുകയും ചെയ്തു.

12. സംസ്ഥാനത്ത് 36 പുതിയ ഐ.റ്റി.ഐ.-കൾ പ്രവർത്തനം ആരംഭിച്ചു.

13. പരമ്പരാഗത ട്രേഡുകൾക്ക് പുറമെ 16 ആധുനിക ട്രേഡുകൾ സംസ്ഥാനത്തെ ഐ.റ്റി.ഐ.-കളിൽ അനുവദിച്ചു നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു.

14. സംസ്ഥാനത്തെ ഐ.റ്റി.ഐ.-കളിൽ ഫിനിഷിംഗ് സ്കൂൾ പദ്ധതി നടപ്പിലാക്കി.

15. മിനിമം വേതന ആക്ടിന്റെ പട്ടികയിൽപ്പെടുത്തിയിട്ടും കുറഞ്ഞ കൂലി നിശ്ചയിക്കാതിരുന്ന തൊഴിൽ മേഖലകളിലെയും മിനിമം വേതന കാലാവധി പൂർത്തിയായ മേഖലകളിലെ കുറഞ്ഞ കൂലി പുതുക്കുന്നതിനുമായി മിനിമം വേതന കർമ്മ പദ്ധതി 2010 നടപ്പിലാക്കി.

16. പുതിയ Recognition of Trade Union Act നടപ്പിലാക്കി

17. അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി കേരള അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി റൂൾസ് നടപ്പിലാക്കി.

18. ഡൊമസ്റ്റിക് വർക്കേഴ്സ് വെൽഫെയർ സ്കീം, പാചകത്തൊഴിലാളി ക്ഷേമപദ്ധതി എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

19. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് റിസർച്ച് എഫ്എസിറ്റി-യിൽ ആരംഭിച്ചു.

20. എറണാകുളത്ത് CHEMREC ആരംഭിച്ചു

21. ജോബ് ക്ലബ്ബ് നടപ്പിലാക്കി

22. തൊഴിൽരഹിത വേതനം കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്തു

23. 20 കൊല്ലം വരെ രജിസ്ട്രേഷൻ പുതുക്കാതിരുന്ന തൊഴിൽ രഹിതർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അവസരം നൽകി

24. തൊഴിൽ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

ബാലവേല അവസാനിപ്പിക്കാൻ നടപടി

56 (1019) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും 18 വയസ്സിന് താഴെയുള്ള കുട്ടികളെകൊണ്ട് ജോലി ചെയ്യിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ബാലവേല അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ബാലവേല തടയുന്നതിനായി 1986-ലെ ബാലവേല (തടയലും നിയന്ത്രണവും) നിയമപ്രകാരം സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. 14 വയസ്സ് പൂർത്തീകരിച്ചിട്ടില്ലാത്ത കുട്ടിയെയാണ് പ്രസ്തുത നിയമത്തിൽ "ചൈൽഡ്" എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബാലവേലയുടെ തിന്മകളെക്കുറിച്ചും ബാല തൊഴിലാളികളെ ജോലിക്ക് നിയോഗിച്ചാൽ ലഭിക്കാവുന്ന ശിക്ഷയെ സംബന്ധിച്ചും പൊതുജന ബോധവൽക്കരണ പരിപാടികൾ തൊഴിൽ വകുപ്പ് നടത്തിവരുന്നുണ്ട്. ഇതിനായി തൊഴിൽ വകുപ്പ്, വിവിധ വകുപ്പുകൾ, ഗവൺമെന്റിതര ഏജൻസികൾ, റസിഡൻസ് അസോസിയേഷൻ, വ്യാപാരി-വ്യവസായി സംഘടനകൾ തുടങ്ങിയവരുടെ സഹകരണത്തോടുകൂടി എല്ലാ വർഷവും സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സെമിനാറുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ബാലവേല കുറ്റകരമാണ് എന്ന് കാണിക്കുന്ന സ്റ്റിക്കറുകൾ, ബാനറുകൾ തുടങ്ങിയവ ജനശ്രദ്ധ ആകർഷിക്കത്തക്കവിധത്തിൽ പ്രദർശിപ്പിക്കുകയും, ഇത് സംബന്ധിച്ച സ്ലൈഡുകൾ സിനിമാ തീയേറ്ററുകൾ വഴി പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ആകാശവാണി, അനന്തപുരി എഫ്.എം. തുടങ്ങിയ പ്രക്ഷേപണ മാധ്യമങ്ങളിലൂടെയും ബാലവേല കുറ്റകരമാണ് എന്ന സന്ദേശം നൽകുന്നുണ്ട്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന നിയമ നടപടികൾ കൂടാതെ, സാമൂഹ്യക്ഷേമ വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ കൂടി സഹകരണത്തോടെ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ബാലവേലയ്ക്കെതിരെയുള്ള പ്രവർത്തനം ശക്തമാക്കാൻ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly